(ബി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾവഴി ഗ്രാമീണ മേഖലയിൽ ഖാദി ഗ്രാമവ്യവസായങ്ങൾവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം.

(സി) പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക യഥാസമയം ഫലപ്രദമായി വിനിയോഗിക്കുന്നു.

ഖാദി, ബീഡി വ്യവസായം

133(2334) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ ഖാദി/ബീഡി മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേഖല സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന വാഗ്ദാനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) ഖാദി/ബീഡി മേഖല പ്രതിസന്ധിയിലായതുകാരണം പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരും കുടുംബങ്ങളും അനുഭവിക്കുന്ന ജീവിതപ്രയാസം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത മേഖലയിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പരിഹാര മാർഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അത് എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഖാദി മേഖല സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഖാദി മേഖലയുടെ നവീകരണം ലക്ഷ്യമാക്കി പ്രമുഖ ഗാന്ധിയൻ ശ്രീ. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും 2012-13 വർഷം 96 ലക്ഷം രൂപയും 2013-14-ൽ പ്രത്യേകമായി 1209 ലക്ഷം രൂപയും ഒറിജിനൽ ബഡ്ജറ്റിൽ 216 ലക്ഷം രൂപയും ചേർത്ത് 1521 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. തുക വിനിയോഗിച്ച് ഖാദി മേഖലയിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനും ഉല്പന്നങ്ങളുടെ വിപണനത്തിനും അനിവാര്യമായ കർശന നിയന്ത്രണങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ളതിനാൽ കേരള ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ അവ പ്രതികൂലമായി ബാധിച്ചിട്ടുള്ളതാണ്. ബീഡി മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ച് പാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നോഡൽ ഏജൻസിയായി പ്രവർത്തിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കണ്ടെത്തിയിട്ടുണ്ട്. ഖാദി മേഖലയിൽ തൊഴിലാളികളുടെ വേതനം വളരെ കുറവായിരുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി മിനിമം കൂലി സംബന്ധിച്ച് ഒരു സമിതിയെ ചുമതലപ്പെടുത്തുകയും സമിതി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 8-1-2010-ൽ സ.ഉ.(കൈ)നമ്പർ 5/2010 തൊഴിൽ എന്ന നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇതനുസരിച്ച് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനമായി താഴെപ്പറയുന്ന തുകകൾ വിതരണം ചെയ്തിട്ടുണ്ട്.

വർഷം	അനുവദിച്ച തുക
2011-12	14.68 കോടി
2012-13	20.00 കോടി
2013-14	18.00 കോടി
2014-15	22.00 കോടി
2015-16	13.65 കോടി

കേരള ദിനേശ് ബീഡി തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ അനുവദിക്കുന്നതിലേയ്ക്കായി രണ്ടു ഘട്ടമായി 7 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. ആയത് വിനിയോഗിച്ച് 2013 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ കുടിശ്ശിക തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേരള ദിനേശ് ബീഡി സഹകരണ സംഘത്തിലെ പെൻഷൻകാർക്ക് ആശ്വാസ പെൻഷൻ തുടർന്ന് നടപ്പിലാക്കുന്നതിലേക്കായി ഒരു സ്കീം തയ്യാറാക്കി മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനായി തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയെ മന്ത്രിസഭായോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly